# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-1728/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 09/01/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-1728/2022 തീയ്യതി: 09/01/2023

## ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-07-2022 മുതൽ 19-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 14-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. രാജീവ് എം. എസ്., ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുൾ അലി കുന്നൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ് ബാബു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അഗസ്റ്റിൻ വി.എ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രതീഷ് ഭാസ്കരൻ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിമോണി ജോസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മെൽഡ ഡേവിഡ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി.സൂസമ്മ സി.ഡി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ഡോ. സാം വി. ജെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ജെസ്സി തോമസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ലിലി ജേക്കബ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി മോളി റ്റി. ബി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ. സുധീഷ് എം. പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സനിത് കുമാർ എൻ. റ്റി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മഞ്ചു റ്റി. ജി (വണ്ടമറ്റം സർക്കിൾ) | വി.ഇ.ഒ. | 01-04-2021 | 01-01-2022 |
| ശ്രീമതി. ലിസി കെ. പി.(വണ്ടമറ്റം സർക്കിൾ) | വി.ഇ.ഒ. | 02-01-2022 | 31-03-2022 |
| ഡോ. ബിജു രാജ് എം. പി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ലസീല പി. എസ് (കോടിക്കുളം സർക്കിൾ) | വി.ഇ.ഒ. | 01-04-2021 | 04-10-2021 |
| ശ്രീമതി. മഞ്ജു റ്റി. ജി. | വി.ഇ.ഒ. | 05-10-2021 | 01-01-2022 |

| | | | |
|---|---|---|---|
| (കോടിക്കുളം സർക്കിൾ) | | | |
| ശ്രീമതി ലിസി കെ. പി (കോടിക്കുളം സർക്കിൾ) | വി.ഇ.ഒ. | 02-01-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ | 1-3-1 |
| 5 | പട്ടികവർഗ്ഗ വികസന ഫണ്ടിൽ തൻവർഷം ചെലവ് ഇല്ല | 1-3-2 |
| 6 | റോഡിതര മെയിന്റനൻസ് ഫണ്ടിൽ ചെലവ് 79.27 ശതമാനം | 1-3-3 |
| 7 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സംബന്ധിച്ച് | 1-3-4 |
| 8 | തനത്ഫണ്ട് അക്കൗണ്ടിലെ നീക്കിയിരിപ്പ് | 1-3-5 |
| 9 | പദ്ധതി അവലോകനം | 1-4 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 11 | ക്ഷേമ പെൻഷൻ | 1-6 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 14 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 15 | വസ്തു നികുതി - അപാകതകൾ | 1-10 |
| 16 | ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകതകൾ | 1-11 |
| 17 | തൊഴിൽ നികുതി അടവാക്കാനുള്ള സ്ഥാപനങ്ങൾ | 1-12 |
| 18 | വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു | 1-13 |
| 19 | ഹരിത കർമ്മ സേന - യൂസർ ഫീ കളക്ഷൻ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-14 |
| 20 | രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സം | 1-15 |
| 21 | പദ്ധതി നിർവ്വഹണത്തിൽ അപാകത - ചെലവ് തടസ്സം - ₹2,22,000/- | 1-16 |
| 22 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് | 1-17 |
| 23 | വനിതാ ഘടക പദ്ധതി - ക്രമവിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി | 1-18 |
| 24 | അഗതിരഹിത കേരളം പദ്ധതി | 1-19 |
| 25 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല | 1-20 |
| 26 | പ്രൊക്യൂർമെന്റ് കമ്മിറ്റി | 1-21 |
| 27 | സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മരം വെട്ടി മാറ്റിയ ഇനത്തിൽ ₹3,000/- ചെലവ് | 1-22 |
| 28 | നെൽകൃഷി വികസനം പദ്ധതി - ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകിയില്ല | 1-23 |
| 29 | മോണിട്ടറിംഗ് സമിതി കാര്യക്ഷമമല്ല | 1-24 |

| | | |
|---|---|---|
| 30 | നിക്ഷേപ പ്രവൃത്തികൾ - തുടർ നടപടികൾ സ്വീകരിച്ചില്ല - പദ്ധതി പൂർത്തിയായില്ല - ചെലവ് തടസ്സം | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ട് | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ്ജ് നടപടിയിലൂടെ തുക ഒടുക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

23-02-2021-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹50,60,362/- മുന്നിരിപ്പും ₹8,36,98,000/- വരവും ₹8,48,69,300/- ചെലവും ₹38,89,062/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ, എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 04-03-2022=ലെ തീരുമാനം (1) പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ 10.03.2022-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹50,60,362/- മുന്നിരിപ്പും ₹8,75,42,181/- വരവും ₹8,48,75,455/- ചെലവും ₹26,66,726/- മിച്ചവും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്കരിച്ച ബജറ്റ് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 11.07.2022 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ വരവ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 8971863 | 8971863 | 8496641 | 0 |
| വികസനഫണ്ട് (SCP) | 0 | 1559592 | 1559592 | 1539000 | 0 |
| വികസനഫണ്ട് (TSP) | 0 | 5329 | 5329 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-unTied) | 0 | 1875187 | 1875187 | 1291115 | 584072 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 0 | 5103840 | 5103840 | 2678781 | 2425059 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 5698000 | 5698000 | 4765672 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4870979 | 4870979 | 3861314 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി ചെലവ് | 0 | 12815561 | 12815561 | 12815561 | 0 |
| തൊഴിലുറപ്പ് ഭരണ ചെലവ് | 36945 | 0 | 1870232 | 1907177 | 692 |
| സാക്ഷരത | 80428 | 0 | 80428 | 64800 | 15628 |
| ഐ.സി.ഡി.എസ് | 65081 | 412632 | 477713 | 474690 | 3023 |
| ശുചിത്വ മിഷൻ | 2119060 | 30880 | 2149940 | 876581 | 1273359 |
| മറ്റ് ഗ്രാന്റ് | 1380672 | 1120000 | 2500672 | 1340000 | 1160672 |
| മറ്റ് ഗ്രാന്റ് | 0 | 29940 | 29940 | 0 | 29940 |

| | | | | | |
|---|---|---|---|---|---|
| മറ്റ് പദ്ധതി | 0 | 66816 | 66816 | 0 | 66816 |
| പഞ്ചായത്ത് ദുരിതാശ്വാസ നിധി | 2831 | 14780 | 17611 | 0 | 17611 |
| പകർച്ച വ്യാധി | 500000 | 0 | 500000 | 500000 | 0 |

### 1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

| ഫണ്ട് | വിഹിതം | ലൈഫ് ലോൺ(-) | അംഗൻവാടി ഹോണറേറിയം(-) | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 8971863 | 1051334 | 525600 | 7394929 |
| വികസനഫണ്ട് (SCP) | 1559592 | 224666 | 0 | 1334926 |

### 1-3-2 പട്ടികവർഗ്ഗ വികസന ഫണ്ടിൽ തൻവർഷം ചെലവ് ഇല്ല

പട്ടികവർഗ്ഗ വികസന ഫണ്ടിൽ തൻവർഷം GO(Rt)No. 2617/2022/Fin./dt31-03-2022 പ്രകാരം ₹5,329/- അലോട്ട്മെന്റ് ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. 2022-23ൽ ഈ തുകയുടെ 80% വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്യപ്പെടുന്നതാണ്.

### 1-3-3 റോഡിതര മെയിന്റനൻസ് ഫണ്ടിൽ ചെലവ് 79.27 ശതമാനം

റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹48,70,979/-ൽ 2021-22 സാമ്പത്തിക വർഷം ₹38,61,314/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്തപക്ഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. ലാപ്സായ തുകയുടെയും അടുത്ത വർഷം ക്യാരി ഓവർ ചെയ്ത് ലഭിക്കുന്ന തുകയുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 4870979 | 3861314 | 1009665 | 79.27 | 974196 | 35469 |

### 1-3-4 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഹെഡ് കോഡ് | ഇനം | 31.03.2022-ലെ നീക്കിയിരിപ്പ് (₹) |
|---|---|---|---|
| 1 | 320100152 | മറ്റ് പദ്ധതികൾ | 66816 |
| 2 | 320100197 | സാക്ഷരത | 15628 |
| 3 | 320100198 | ശുചിത്വ മിഷൻ | 1273359 |
| 4 | 320200104 | സി.എഫ്.സി. ഗ്രാന്റ് (ബേസിക്) | 426988 |
| 5 | 320200113 | സി.എഫ്.സി. ഗ്രാന്റ് (ടൈഡ്) | 1683137 |
| 6 | 320200399 | പ്രത്യേക ഗ്രാന്റ് | 29940 |

| | | | |
|---|---|---|---|
| 7 | 320300199 | ലൈഫ് | 1160672 |
| 8 | 320700204 | ബ്ലോക്ക്പഞ്ചായത്ത് | 6136 |
| 9 | 320700304 | ബ്ലോക്ക്പഞ്ചായത്ത് | 530439 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചിലവഴിക്കേണ്ടതാണ്.

### 1-3-5 തനത്ഫണ്ട് അക്കൗണ്ടിലെ നീക്കിയിരിപ്പ്

തനത് ഫണ്ട് അക്കൗണ്ടിൽ വർഷാവസാനം (UBI-OWN FUND 3358) ₹68,21,127/- നീക്കിയിരിപ്പുണ്ട്. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രേഖകൾ പ്രകാരം നീക്കിയിരിപ്പിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രത്യേക പദ്ധതികൾക്ക് വേണ്ടി തുറന്ന ബാങ്ക് അക്കൗണ്ടുകളിലേക്ക് തനത് ഫണ്ടിൽ നിന്നും തുകകൾ മാറ്റി നിക്ഷേപിക്കേണ്ടതാണ്.

| | |
|---|---|
| കോവിഡ് വാക്സിൻ ബ്ലോക്ക് വിഹിതം | ₹30000 |
| M.N. ലക്ഷം വീട് | ₹724000 |
| ശുചിത്വമിഷൻ | ₹1238257 |
| ഗുണഭോക്തൃവിഹിതം | ₹215829 |
| ഡെപ്പോസിറ്റ് | ₹133450 |
| വിമുക്തി | ₹13000 |
| KWA ഡെപ്പോസിറ്റ് തിരികെ വന്നത് | ₹66816 |
| ജനകീയ ഹോട്ടൽ ബ്ലോക്ക് വിഹിതം | ₹20000 |
| കില TRAINING | ₹9940 |
| MCF നവീകരണം ബ്ലോക്ക് വിഹിതം | ₹370000 |

### 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 59474789 | 135 | 30672082 | 0 | 35 | 79.41 |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | ശതമാനം |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 36 | 30 | 7920983 | 4927195 | 62.20 |
| 2. | അസിസ്റ്റന്റ് എൻജിനീയർ | 70 | 52 | 14544393 | 9687750 | 66.60 |
| 3. | കൃഷി ഓഫീസർ | 6 | 6 | 1997494 | 1148780 | 57.51 |
| 4. | വി. ഇ. ഒ. | 14 | 11 | 19515600 | 5875030 | 30.10 |
| 5. | ഐ. സി. ഡി. എസ്. | 6 | 4 | 2684710 | 2256254 | 84.04 |
| 6. | എം. ഒ., പി. എച്ച്. സി. | 8 | 8 | 1385546 | 1203588 | 86.86 |
| 7. | എം. ഒ., ആയുർവ്വേദം | 3 | 3 | 741000 | 741000 | 100 |
| 8. | ഹോമിയോ | 2 | 2 | 130000 | 130000 | 100 |
| 9. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 2315000 | 1083806 | 46.81 |

| | | | | | | |
|---|---|---|---|---|---|---|
| 10. | ഹെഡ്മാസ്റ്റർ | 4 | 4 | 391307 | 350209 | 89.49 |
| 11. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 1599000 | 72977 | 4.56 |
| 12. | വെറ്ററിനറി സർജൻ | 6 | 5 | 4010208 | 1265378 | 31.55 |
| 13. | വി. ഇ. ഒ | 11 | 8 | 2239488 | 1930215 | 86.19 |
| | ആകെ | 170 | 135 | 59474789 | 30672082 | 51.57 |

ചെലവഴിച്ച ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 10242016 | 8496641 | 82.95 |
| | പട്ടിക ജാതി വിഭാഗം | 1590333 | 1539000 | 96.77 |
| | പട്ടിക വർഗ്ഗ വിഭാഗം | 10657 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 7053940 | 3969896 | 56.27 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 1572200 | 464704 | 29.55 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 5543683 | 1816714 | 32.77 |
| തനത് ഫണ്ട് | | 361779 | 155811 | 43.06 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | | 5012300 | 2410105 | 48.08 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | | 8196518 | 1746513 | 21.30 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 5698000 | 4765672 | 83.63 |
| | റോഡിതരം | 4853319 | 3861314 | 79.56 |
| മറ്റിനം | | 8840044 | 1445712 | 16.35 |

ജില്ലാ ആസൂത്രണ സമിതിയുടെ 07/03/2022-ലെ 111/2021/DPC/DPO/IDK അന്തിമ ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 170 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ആയതിൽ 135 പ്രോജക്ടുകൾക്ക് തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹5,94,74,789/-ന്റെ 79.41% (₹3,06,72,082/-) മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, വി.ഇ.ഒ, ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ, വെറ്ററിനറി സർജൻ എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തിയതായി മിനിട്സുകളിൽ കാണുന്നില്ല. ഭരണ സമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം നിറവേറ്റിയിട്ടില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം

ചേർന്നിരിക്കുന്നത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 36945 | 1870232 | 1907177 | 1906485 | 692 |
| നൂറ് ദിന തൊഴിൽ പ്രോത്സാഹനം | 0 | 111000 | 111000 | 111000 | 0 |
| അവിദഗ്ധ തൊഴിലാളി വേതനം | 0 | 8777000 | 8777000 | 8777000 | 0 |
| വിദഗ്ധ തൊഴിലാളി വേതനം | 0 | 965000 | 965000 | 965000 | 0 |
| മെറ്റീരിയൽ വേല | 0 | 2840000 | 2840000 | 2840000 | 0 |

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തൊഴിൽ കാർഡുകൾ എണ്ണം | ഒഴിവായ കാർഡുകൾ | പുതുതായി നല്കിയ കാർഡുകൾ - എണ്ണം | വർഷാവസാനമുള്ള ആകെ കാർഡുകൾ | തൊഴിൽ ആവശ്യപ്പെട്ടവർ | |
|---|---|---|---|---|---|
| | | | | കുടുംബങ്ങൾ | വ്യക്തികൾ |
| 1865 | 49 | 55 | 1920 | 745 | 702 |

## 1-6 ക്ഷേമ പെൻഷൻ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2113600 | 130 |
| വിധവാപെൻഷൻ | 5923800 | 363 |
| വാർദ്ധക്യകാല പെൻഷൻ | 18663800 | 1307 |
| വികലാംഗ പെൻഷൻ | 2152200 | 139 |
| അവിവാഹിതർക്കുള്ള പെൻഷൻ | 580400 | 39 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹6,810/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ

ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതായി കാണുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷം ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി വകയിരുത്തിയ പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുന്ന വേളയിൽ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

1- 8-1) <u>അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ</u>

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-8-2) മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയ്ക്കായി തുക വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5) ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6) ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-9 വാർഷിക കണക്കിലെ അപാകതകൾ

1) സാക്ഷരത (SB2513) അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ₹15,628/- ആണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ₹80,428/- എന്നാണ് ചേർത്തിട്ടുള്ളത്. തൻവർഷം ഈയിനത്തിൽ ₹64,800/- ചിലവുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

2) വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കിനായി പ്ലാൻ വിഹിതം (Maintanance Grant Non Road) നല്കിയ തുകയിൽ റീഫണ്ട് വന്നത് ₹66,816/- തനത് ഫണ്ടിൽ വരവു ചേർത്ത് ബാലൻസ് ഷീറ്റിൽ B-4-ൽ

320100152 Head Other Schemes-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. തുക നിശ്ചിത ഹെഡിൽ തിരികെ അടവാക്കേണ്ടതാണ്.

3) പദ്ധതി വിഹിതമായി സർക്കാരിൽ നിന്നും ലഭിച്ച തുകയിൽ സ്രോതസ്സിൽ നിന്നു കുറവ് ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) ബാലൻസ് ഷീറ്റ് (B-4) പ്രകാരം ശുചിത്വമിഷൻ 320100198 Head-ൽ ₹12,73,359/- നീക്കിയിരിപ്പുണ്ട് എന്നാൽ 40(b) ഷെഡ്യൂൾ പ്രകാരം ശുചിത്വമിഷൻ അക്കൗണ്ടിൽ (IDBI -2518) നീക്കിയിരിപ്പ് ഇല്ല.

5) തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട് നിലനിർത്തിയിട്ടുണ്ട് (TRY LGTSB-0646, IDCB OWN FUND LB2-0002, District Co-operative Bank, UBI-OWN FUND-3358, SBI-E PAYMENT-5839 എന്നിവ).

6) ശുചിത്വമിഷൻ, സംയുക്ത പദ്ധതികൾ എന്നിവയ്ക്ക് ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കേ നീക്കിയിരിപ്പ് തുകകൾ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത് (Head Code 320100198, 320700204, 320700304).

7) UBI OWN FUND-3358 (HEAD-450210101) അക്കൗണ്ടിൽ M. N. ലക്ഷം വീട് പദ്ധതിയ്ക്കായ്(നിർത്തലാക്കിയ പദ്ധതി) ലഭ്യമായ ₹7,24,000/- ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

8) ബാലൻസ് ഷീറ്റ് B-5, B-16 എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

9) ബാലൻസ് ഷീറ്റ് B-18 പ്രകാരം വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുക ₹2,38,000/- ആണ് ചേർത്തിരിക്കുന്നത്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ₹9,44,670/-യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാനുണ്ട്. കണക്കുകൾ കൃത്യമാക്കി അറിയിക്കേണ്ടതാണ്.

10) CFLTC-യുടെ HDFC ബാങ്കിലെ അക്കൗണ്ടിൽ (50100360626375), കളക്ടറേറിൽ നിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലഭ്യമായ തുകയിൽ ₹486/- അവശേഷിക്കുന്നുണ്ട്. അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-10 വസ്തു നികുതി - അപാകതകൾ

#### വസ്തു നികുതി - ഡിമാന്റ് തുക അക്രൂവലായി വർഷാദ്യം ഉൾപ്പടുത്തുന്നില്ല

വസ്തു നികുതി ഡിമാൻഡ് വർഷാരംഭത്തിൽ തന്നെ പഞ്ചായത്ത് തയ്യാറാക്കി തന്നാണ്ടത്തെ വരുമാന-ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒരു തുകയും അപ്പോൾ ലഭിച്ചിട്ടില്ലാത്തതിനാൽ മുഴുവൻ തുകയും കിട്ടാനുള്ള വസ്തു നികുതി അഥവാ ആസ്തിയായി ആസ്തി-ബാധ്യതാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. വസ്തു നികുതി പണമായി ലഭ്യമാകുന്ന മുറയ്ക്ക് കിട്ടാനുള്ള വസ്തു നികുതി എന്ന ആസ്തി കുറയുകയും പണം എന്ന ആസ്തി വരവ്-ചെലവ് സ്റ്റേറ്റ്മെന്റിൽ വർദ്ധിക്കുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ വസ്തു നികുതി വരവ് സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകുന്നു. കോടിക്കുളം ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിന്റെ ആരംഭമായ ഏപ്രിൽ മാസത്തിൽ തന്നാണ്ട് ലഭ്യമാകേണ്ടിയിരുന്ന വസ്തു നികുതി അക്രൂവലായി ഡിമാന്റിൽ ഉൾപ്പെടുത്താതെ വർഷാവസാനം വർഷിക കണക്ക് തയ്യാറാക്കുന്ന 2022 മാർച്ച് 31-ന് ഡിമാന്റിൽ ഉൾപ്പെടുത്തി കണക്ക്

തയ്യാറാക്കുകയാണ് ചെയ്തിരിക്കുന്നത്. ശരിയായ രീതിയിൽ അക്കൗണ്ടിംഗ് നടത്താത്തതിനാൽ കണക്കുകളിൽ കൃത്യത ഉറപ്പാക്കുന്നതിന് സാധ്യമല്ല. വരും വർഷങ്ങളിൽ മേൽ അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

2) മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങളിലെ ചട്ടം 34 അനുസരിച്ച്, ഏതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുന്ന/സന്ദർശിക്കേണ്ട (താമസം, ജോലി, വിദ്യാലയം, കച്ചവടം, വ്യവസായം മുതലായവ) മനുഷ്യ സാന്നിധ്യമുണ്ടാകാനിടയുള്ള നിർമ്മാണങ്ങളെയാണ് ഏതെങ്കിലും ഒക്യുപൻസിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊബൈൽ ടവർ അടക്കമുള്ള മറ്റ് കെട്ടിടങ്ങളെ Appurtenant Buildings/Operational Constructions/auxiliary Buildings എന്നാണ് കണക്കാക്കിയിരിക്കുന്നത്. ആകയാൽ അവയ്ക്ക് മറ്റ് കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന രീതിയിൽ വസ്തു നികുതിയിൽ ഇളവ് അനുവദിക്കാൻ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ വ്യവസ്ഥകളില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ മൊബൈൽ ടവറുകൾക്ക് മേഖല, മേൽക്കൂര, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവർ, കെട്ടിട നം., വിസ്തീർണ്ണം ച.മീ. | യഥാർത്ഥ വസ്തു നികുതി ₹ | ഇളവിന്റെ മാനദണ്ഡം | | | | ഈടാക്കുന്ന നികുതി ₹ |
|---|---|---|---|---|---|---|---|
| | | | മേഖല | കാലപ്പഴക്കം | വഴി സൗകര്യം | ആകെ കുറവ് | |
| 1 | റിലയൻസ് IV/128 12 | 6000 | 600 | 600 | - | 1200 | 4800 |
| 2 | ഐഡിയ VIII/125 40.34 | 20170 | 2017 | - | 2017 | 4034 | 16136 |
| 3 | വോഡഫോൺ VIII/126 15.59 | 7795 | 779.5 | 779.5 | - | 1559 | 6236 |
| 4 | എയർടെൽ VIII/127 23.91 | 11955 | 1195.5 | 1195.5 | - | 2391 | 10043 |
| 5 | ടാറ്റാ ഇൻഡികോം VIII/128 16.86 | 8430 | 843 | 843 | 843 | 2529 | 5901 |
| 6 | ബി.എസ്.എൻ.എൽ. IX/28 12 | 6000 | 600 | 600 | - | 1200 | 4800 |

തനത് ഫണ്ട് വരുമാനത്തിലെ നഷ്ടം പരിഹരിക്കുന്നതിനായി മൊബൈൽ ടവറുകളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരമറിയക്കേണ്ടതാണ്.

1-11 ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകതകൾ

കോടിക്കുളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ വന്ന അപാകതകൾ താഴെച്ചേർക്കുന്നു.

1) പഞ്ചായത്ത് പരിധിയിൽ വർഷങ്ങളായി പ്രവർത്തിക്കുന്നതും മുതിർന്നവർക്കും കുട്ടികൾക്കും നീന്തൽ പരിശിലനം നൽകി വരുന്നതുമായ പ്രശസ്തമായ ഒരു സ്ഥാപനമാണ് വണ്ടമറ്റം അക്വാറ്റിക് സെന്റർ. മുൻ വർഷ ഓഡിറ്റുകളിൽ പരാമർശമുണ്ടായിട്ടു കൂടി ടി സ്ഥാപനം പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്.

2) പഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

| ക്രമ നം. | ലൈസൻസിയുടെ പേര് | വാർഡ് |
|---|---|---|
| 1 | പി. എൻ. ബേബി, പുത്തൻപുരയിൽ, പാലക്കുഴ | I/ഇല്ലിച്ചുവട് |
| 2 | റോസക്കുട്ടി, മാണിക്കുന്നേൽ, കോടിക്കുളം | V/കോടിക്കുളം |
| 3 | റ്റി. എസ്. കാസിം, തൈപ്പറമ്പിൽ | XI/ചെറുതോട്ടിൻകര |
| 4 | വി. ജി. രവി ബാലൻപിള്ള, വലവശ്ശേരിൽ, മുണ്ടമറ്റം | VIII/വണ്ടമറ്റം |
| 5 | പി. എൻ. വിനോദ് കുമാർ, പുതിയവീട്ടിൽ, വെസ്റ്റ് കോടിക്കുളം | XII/വെസ്റ്റ് കോടിക്കുളം |
| 6 | സണ്ണി ജോൺ, പന്നാരക്കുന്നേൽ, ഈസ്റ്റ് കോടിക്കുളം | V/കോടിക്കുളം |
| 7 | റ്റീന ബേബി, പന്നാരക്കുന്നേൽ, ഈസ്റ്റ് കോടിക്കുളം | VII/വെള്ളംചിറ |
| 8 | ബാബു വർഗ്ഗീസ്, കാരിത്താലിൽ, കൊടുവേലി | IV/കൊടുവേലി |

3) താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് 22-05-2018-ലെ VIII-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരമുള്ള മൂലധന നിക്ഷേപത്തിനനുസരിച്ച് നിഷ്കർഷിച്ചിട്ടുള്ള ഫീസ് ഈടാക്കുന്നില്ല.

| ക്രമ നം. | ലൈസൻസിയുടെ വിവരം | മൂലധനം ₹ പരിധി/അപേക്ഷ/ രേഖകൾ പ്രകാരം ലൈസൻസിയുടെ വരുമാനം | കമ്മിറ്റി തീരുമാന പ്രകാരം അടവാക്കേണ്ട ഫീസ് ₹ | അടവാക്കിയ ഫീസ് ₹ | കുറവായി ഈടാക്കിയത് ₹ |
|---|---|---|---|---|---|
| 1 | പി. എം. അലിയാർ, പുള്ളിക്കുടിയിൽ XIII/346 | ഒരു ലക്ഷം മുകളിൽ രണ്ട് ലക്ഷം വരെ 300/150,000 | 300 | 150 | 150 |
| 2 | രഞ്ചിത്ത് ശേഖരൻ, നെല്ലിവിള പുത്തൻപുരയിൽ XIII/421 | ഒരു ലക്ഷം മുകളിൽ രണ്ട് ലക്ഷം വരെ 300/2 Lakhs | 300 | 200 | 100 |
| 3 | സുധാകരൻ പി. എൻ., പുത്തൻപുരയിൽ വീട് XII/105A | മൂന്ന് ലക്ഷം മുതൽ പത്ത് ലക്ഷം വരെ/ 3 Lakhs | 500 | 350 | 150 |
| 4 | റുക്കിയ നാസർ, കുനിയിൽ, കാളിയാർ III/263, 264 | മൂന്ന് ലക്ഷം മുതൽ പത്ത് ലക്ഷം വരെ/ പൊല്യൂഷൻ കൺട്രോൾ സർട്ടിഫിക്കറ്റ് പ്രകാരം 4.5 Lakhs | 500 | 450 | 50 |
| 5 | ജോർജ്ജ് ജോസഫ്, വടക്കേക്കര | ഇരുപത്തയ്യായിരം മുതൽ ഒരു ലക്ഷം വരെ/1 Lakh | 200 | 150 | 50 |

| | | | | | |
|---|---|---|---|---|---|
| | VII/92 | | | | |
| 6 | ശശി ഗോപാലൻ, കല്ലുത്തടത്തിൽ XII/48 | മൂന്ന് ലക്ഷം മുതൽ പത്ത് ലക്ഷം വരെ/ 3.5 Lakhs | 500 | 350 | 150 |
| 7 | ശാരദ ഉണ്ണ്യാതി, പുളിക്കൽ വീട് XII/207A | മൂന്ന് ലക്ഷം മുതൽ പത്ത് ലക്ഷം വരെ/ 5 Lakhs | 500 | 350 | 150 |
| 8 | ഷിയാസ് എം. എ., മരവെട്ടിക്കൽ XIII/253A, 254B | മിനി സംരംഭം - പത്ത് ലക്ഷം മുതൽ മുപ്പത് ലക്ഷം വരെ/ 15.30 Lakhs | 1000 | 500 | 500 |
| 9 | ജാസ്മിൻ കബീർ, നെല്ലിശ്ശേരിൽ V/476 | ഇരുപത്തയ്യായിരം മുതൽ ഒരു ലക്ഷം വരെ/1 Lakh | 200 | 150 | 50 |
| 10 | നോബിൾ എം. ജോർജ്ജ്, മേക്കുന്നേൽ 13/385 | മൂന്ന് ലക്ഷം മുതൽ പത്ത് ലക്ഷം വരെ/10 Lakhs | 500 | 400 | 100 |
| 11 | നോബിൾ എം. ജോർജ്ജ്, മേക്കുന്നേൽ 13/328, 330 | മൂന്ന് ലക്ഷം മുതൽ പത്ത് ലക്ഷം വരെ/7 Lakhs | 500 | 400 | 100 |
| 12 | യൂസഫ് കാസിം, ജാരത്തിങ്കൽ വീട് VII/181C | ഒരു ലക്ഷം മുകളിൽ രണ്ട് ലക്ഷം വരെ 300/1.5 Lakhs | 300 | 150 | 150 |
| 13 | ബെന്നി പി. സി., പെട്ടേനാട് IX/16A | ഇരുപത്തയ്യായിരം മുതൽ ഒരു ലക്ഷം വരെ/1 Lakh | 200 | 150 | 50 |
| 14 | ഷീല ജേക്കബ്ബ്, പന്നാരകുന്നേൽ V/102 | ഇരുപത്തയ്യായിരം മുതൽ ഒരു ലക്ഷം വരെ/1 Lakh | 200 | 150 | 50 |
| 15 | റ്റി. ജെ. ഫ്രാൻസിസ്, തൊട്ടിയിൽ റബ്ബേഴ്സ് V/376,377 | മൂന്ന് ലക്ഷം മുതൽ പത്ത് ലക്ഷം വരെ/4 Lakhs | 500 | 150 | 350 |
| 16 | സന്തോഷ് എം. എം., മലയിൽ XIII/431 | ഒരു ലക്ഷം മുകളിൽ രണ്ട് ലക്ഷം വരെ 300/2 Lakhs | 300 | 200 | 100 |
| 17 | ഉസ്മാൻ വി. എ., വെള്ളിമാത്ത് XIII/426,427 | മൂന്ന് ലക്ഷം മുതൽ പത്ത് ലക്ഷം വരെ/6 Lakhs | 500 | 350 | 150 |
| 19 | ഷാജി കെ. റ്റി., കുന്നേൽ VIII/25 | ഒരു ലക്ഷം മുകളിൽ രണ്ട് ലക്ഷം വരെ 300/1.5 Lakhs | 300 | 150 | 150 |
| 19 | ജോസ് വി. ഐ., വട്ടക്കാട്ട് XIII/396 | ഒരു ലക്ഷം മുകളിൽ രണ്ട് ലക്ഷം വരെ 300/1 Lakh | 200 | 150 | 50 |
| 20 | അഞ്ചലി സി. നായർ VI/321 | ഇരുപത്തയ്യായിരം മുതൽ ഒരു ലക്ഷം വരെ/1.5 Lakh | 300 | 150 | 150 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7/15-11-2022-ന് അപാകതകൾ പരിഹരിച്ച് ഫീസ് ഈടാക്കുന്നതാണെന്ന് മറുപടി ഹാജരാക്കി. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഇനത്തിൽ കുറവായി ചുമത്തിയ തുക ഈടാക്കേണ്ടതും വണ്ടമറ്റം അക്വാറ്റിക് സെന്റർ, പട്ടികയിൽ സൂചിപ്പിച്ച റേഷൻകടകൾ എന്നിവ ലൈസൻസ്

എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-12 തൊഴിൽ നികുതി അടവാക്കാനുള്ള സ്ഥാപനങ്ങൾ

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| ഗ്ലോബൽ ഇൻഡ്യൻ പബ്ലിക് സ്കൂൾ<br>(ജീവനക്കാരുടെ തൊഴിൽ നികുതി) | ഒന്ന്, രണ്ട്<br>അർദ്ധ വർഷം |
| ഗൾഫ് ഐഡിയൽ ഇന്റർനാഷണൽ സ്കൂൾ<br>(ജീവനക്കാരുടെ തൊഴിൽ നികുതി) | ഒന്ന്, രണ്ട്<br>അർദ്ധ വർഷം |
| മാവേലി സ്റ്റോർ, കോടിക്കുളം<br>(സ്ഥാപന നികുതി) | ഒന്നാം അർദ്ധ വർഷം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 08/15-11-2022-ന് നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ഹാജരാക്കി. അതിൻ പ്രകാരം ടി സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് സർവ്വീസ് സഹകരണ ബാങ്ക്, കൊടുവേലി 14/11/2022-ന് 1220101590 നം. രസീത് പ്രകാരം ₹1,400/- 2021-22 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായി അടവാക്കിയിട്ടുണ്ട്.

### 1-13 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

സഞ്ചയ പ്രകാരം ഇതര വ്യവസായങ്ങൾ എന്ന ഗണത്തിൽ നികുതി അടവാക്കുന്ന താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങൾ ഫാക്റ്റിയോസ് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9/16-11-2022-ന് ടി സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട ഉടമസ്ഥന്റെ വിവരങ്ങൾ | കെട്ടിട നം . | പഞ്ചായത്ത് ഹാജരാക്കിയ മറുപടി പ്രകാരം സ്വീകരിക്കേണ്ട നടപടി |
|---|---|---|---|
| 1 | സുനിൽ, ജയ സുനിൽ,<br>കുന്നേൽ | XII/296 | നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നില്ല. പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് |
| 2 | എം. ജെ. ജോസ്,<br>മച്ചുക്കുഴിയിൽ | V/71A | |
| 3 | കരുണാകരൻ,<br>ചെറുപ്ലാക്കൽ | X/355 | |

| | | | |
|---|---|---|---|
| 4 | അനലാൽ കെ. ആർ., അക്ഷയ് കെ. ആർ., കൊച്ചാപ്പിള്ളിൽ | XIII/359 | ലൈസൻസ് എടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ് |
| 5 | ബോണി തോമസ്, കൊച്ചുകുടിയിൽ | VI/12 | |
| 6 | ബോണി തോമസ്, കൊച്ചുകുടിയിൽ | VI/15 | |
| 7 | ബേബി മാത്യു, മാടപ്പാട്ട് | IX/126 | |
| 8 | മാത്യു വി. ജോൺ, വാണിയക്കിഴക്കേൽ | IX/128 | |
| 9 | ബിജു, വാഴേപ്പറമ്പിൽ | X/296A | |
| 10 | സിഡ്കോ, ഐരാംപള്ളി | XII/79 മുതൽ 90 വരെ | |

1-14 ഹരിത കർമ്മ സേന - യൂസർ ഫീ കളക്ഷൻ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

മാലിന്യ സംസ്കരണം -വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ (പ്രൊജക്റ്റ് നം. 165) എന്ന പദ്ധതി പ്രകാരം ഹരിത കർമ്മ സേനയ്ക്ക് യൂസർ ഫീ പിരിക്കുന്നതിനാവശ്യമായ 4500 രസീത് ബുക്കുകൾ അച്ചടിച്ച വകയിൽ വിക്ടറി പ്രസ്സ്, തൊടുപുഴക്ക് ₹13,050/-, ബിൽ നം.140/21-12-2021(സംസ്ഥാനാവിഷ്കൃത ഫണ്ട്) പ്രകാരം വി. ഇ. ഒ. മാറി നൽകിയിട്ടുണ്ട്. എന്നാൽ ഈ രസീത് ബുക്കുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഹരിത കർമ്മ സേനയ്ക്ക് വിതരണം ചെയ്ത രസീത് ബുക്കുകളുടെ എണ്ണം മാത്രമാണ് രജിസ്റ്ററിൽ എഴുതുന്നത്. അതിനാൽ സ്റ്റോക്കിൽ ആകെയുള്ള രസീതുകൾ, വിതരണം ചെയ്യാതെ അവശേഷിക്കുന്നവ എന്നീ കാര്യങ്ങൾ പരിശോധിക്കുവാൻ സാധിച്ചില്ല. ഹരിത കർമ്മ സേനയുടെ നിയന്ത്രണം, യൂസർ ഫീ, അക്കൗണ്ടിംഗ് എന്നീ കാര്യങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വി. ഇ. ഒ. കൃത്യത പുലർത്തേണ്ടതും മേൽ അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതുമാണ്.

1-15 രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സം

വി. ഇ. ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെ സൂചിപ്പിക്കുന്ന പദ്ധതിയുടെ ഫയലുകളോടൊപ്പം ട്രഷറി ബില്ലുകൾ, ടെണ്ടർ നടത്തിയതിന്റെ രേഖകൾ, അനുബന്ധ രേഖകൾ, പദ്ധതി നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.19/19.11.2022) നൽകിയിരുന്നെങ്കിലും കൃത്യമായ രേഖകൾ ലഭ്യമാക്കിയില്ല.

| ക്രമ നം. | പദ്ധതി നം., പേര് | ചെലവ് (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) ₹ |
|---|---|---|

| | | |
|---|---|---|
| 1 | 103/200,<br>ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് (റിങ്ങ് കമ്പോസ്റ്റ്) New | 487152 |
| 2 | 148/2022,<br>ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് (റിങ്ങ് കമ്പോസ്റ്റ്) SO | 171360 |
| 3 | 202/2022,<br>ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് (റിങ്ങ് കമ്പോസ്റ്റ്) New | 150000 |
| 4 | 168/2022,<br>വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ New | 64500 |

രേഖകൾ ഹാജരാക്കാത്തതിനാൽ ടി പദ്ധതികളുടെ ആകെ ചെലവ് തുക ₹8,73,012/- തടസ്സപ്പെടുത്തുന്നു.

1-16 പദ്ധതി നിർവ്വഹണത്തിൽ അപാകത - ചെലവ് തടസ്സം - ₹2,22,000/-

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി. ഇ. ഒ. |
| പദ്ധതി | 101, ഉറസ്സായ കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ |
| അടങ്കൽ | ₹3,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹2,22,000/- (6000x37) |

മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവരായിരിക്കണം ഗുണഭോക്താക്കൾ എന്നും കിണറുകളുടെ ഉൾവശം സിമന്റ് പൂശുക, ചുറ്റുമതിൽ കെട്ടുക, പ്ലാറ്റ്ഫോം നിർമ്മിക്കുക, മലിനജലം ഒഴുകി പോകുന്നതിന് ചാൽ നിർമ്മിക്കുക, മുകൾ ഭാഗത്ത് സംരക്ഷണ വല കെട്ടുക എന്നീ കാര്യങ്ങൾ ചെയ്തിട്ടുണ്ടോ എന്നും ഉറപ്പ് വരുത്തി അക്കാര്യങ്ങൾ രേഖപ്പെടുത്തി വേണം അസി. എഞ്ചിനീയർ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതെന്നും സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കിണർ പുനരുദ്ധാരണം എന്ന രീതിയിൽ ആകെ തുക രേഖപ്പെടുത്തിയ എഞ്ചിനീയറുടെ വാല്യുവേഷൻ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഏതൊക്കെ പ്രവർത്തികളാണ് നടന്നത്, സബ്സിഡി മാനദണ്ഡ പ്രകാരമാണോ ചെലവ് നടത്തിയത് എന്നീ കാര്യങ്ങളൊന്നും വ്യക്തമായിട്ടില്ല. ആയതിനാൽ താഴെ സൂചിപ്പിക്കുന്ന ബില്ലുകൾ പ്രകാരം 37 കിണറുകൾക്ക് ₹6,000/- വീതം ആകെ നൽകിയ ₹2,22,000/- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ബിൽ നം./തീയതി | തുക ₹ |
|---|---|
| 21100552021000952741/15-01-2022 | 6000 |
| 21100552021000954045/15-01-2022 | 42000 |
| 21100552021000967504/18-01-2022 | 18000 |
| 21100552021000989038/21-01-2022 | 12000 |
| 21100552021001034991/31-01-2022 | 6000 |
| 21100552021001073066/07-02-2022 | 6000 |
| 21100552021001114950/14-02-2022 | 6000 |
| 21100552021001114955/14-02-2022 | 6000 |
| 21100552021001114962/14-02-2022 | 12000 |
| 21100552021001139847/16-02-2022 | 6000 |
| 21100552021001293275/10-03-2022 | 18000 |
| 21100552021001370572/18-03-2022 | 12000 |

| | |
|---|---|
| 211005520210014771 27/28-03-2022 | 48000 |
| 211005520210012162 90/26-02-2022 | 24000 |
| ആകെ | 2,22,000 |

## 1-17 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച്

പഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന പെൻഷൻ സോഫ്റ്റ് വെയറിലും തൻ വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടിലും ലഭ്യമായ വിവരങ്ങൾ ചേർത്ത് പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട് എന്ന് കണ്ടു.

പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ.

| ക്രമ നം. | പേര് | പെൻഷണർ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | തുക₹ |
|---|---|---|---|---|---|
| 1 | ആന്റണി ജോസഫ് | Xxx1092 | 05.04.2021 | 4/21-6/21 | 4800 |
| 2 | മറിയം | Xxx0138 | 08.05.2021 | 5/21-6/21 | 3200 |
| 3 | ഫിലോമിന ലൂക്കോസ് | Xxx9391 | 30.04.2021 | 4/21-6/21 | 4800 തുക കൈമാറുവാൻ സാധിച്ചില്ല |
| 4 | ഏലിക്കുട്ടി മത്തായി | Xxx0362 | 21.05.2021 | 5/21-6/21 | 3200 |
| 5 | മറിയം അഗസ്തി | Xxx8088 | 3.06.2021 | 6/21-9/22 | 25600 |
| 6 | ഗൗരി കേശവൻ | Xxx0002 | 24.05.2021 | 5/21-6/21 | 3200 |
| 7 | പുരുഷോത്തൻ | Xxx0703 | 23.06.2021 | 6/21-7/21 | 3200 |
| 8 | ഭാസ്കരൻ | Xxx0302 | 17.05.2021 | 5/21-6/21 | 3200 |
| 9 | കല്ല്യാണി | Xxx0104 | 24.06.2021 | 6/21-8/21 | 4800 |
| 10 | മറിയം ദേവസ്യ | Xxx0028 | 27.04.2021 | 4/21-6/21 | 4800 |
| 10 | ഏലിക്കുട്ടി വർക്കി | Xxx0127 | 07.07.2021 | 7/21-8/21 | 3200 |
| 11 | ഷെരിഫ ഇബ്രാഹിം | Xxx0047 | 17.07.2021 | 7/21-8/21 | 3200 |
| 12 | ശശി കെ. ആർ. | Xxx1079 | 17.07.217/ 21-8/21 | 7/21-8/21 | 3200 |
| 13 | മാത്യു ഐപ്പ് | Xxx7879 | 29.07.2021 | 7/21-09/22 | 24000 |
| 14 | ജോസഫ് ഔസേപ്പ് | Xxx0271 | 19.07.2021 | 7/12, 8/21 | 3200 |

| | | | | | |
|---|---|---|---|---|---|
| | | | | | തുക കൈമാറുവാൻ സാധിച്ചില്ല |
| 15 | മേരി വർക്കി | Xxx0349 | 21.08.2021 | 8/21 | 1600 |
| 16 | മുണ്ടൻ കുഞ്ഞ് | Xxx0357 | 25.08.2021 | 8/21 | 1600 |
| 17 | ജോസഫ് കെ. എം. | Xxx0002 | 04.09.2021 | 4/21-9/22 | 20800 |
| 18 | കെ. കെ. കുമാരപിള്ള | Xxx0200 | 11.09.2021 | 9/21 | 1600 |
| 19 | റ്റി. എം. വർഗ്ഗീസ് | Xxx8036 | 10.09.2021 | 9/21-9/22 | 19200 |
| 20 | ഏലിയാമ്മപൗലോസ് | Xxx1388 | 19.09.2021 | 9/21,10/21 | 3200 തുക കൈമാറുവാൻ സാധിച്ചില്ല |
| 21 | അലിക്കുഞ്ഞ് | Xxx0062 | 21.09.2021 | 9/21 | 1600 |
| 22 | മൈക്കിൾ റ്റി. ഡി. | Xxx0109 | 02.10.2021 | 10/21 | 1600 |
| 23 | ചാക്കോ വർക്കി | Xxx6192 | 30.09.2021 | 9/21,10/21 | 3200 |
| 24 | ഭാസ്കരൻ | Xxx8636 | 15.10.2021 | 10/21.12/21 | 4800 |
| 25 | കുറിയാൻ നെല്ലാൻ | Xxx0019 | 6.11.2021 | 10/21,11/21 | 3200 തുക കൈമാറുവാൻ സാധിച്ചില്ല |
| 26 | പദ്മനാഭൻ രാമൻ | Xxx7860 | 20.03.2021 | 3/21-9/22 | 30300 |
| 27 | ത്രേസ്യാക്കുട്ടി വർഗ്ഗീസ് | Xxx0218 | 04.03.2021 | 3/21-6/21 | 6400 |
| 28 | വർഗ്ഗീസ് തൊമ്മൻ | Xxx0217 | 10.09.2021 | 9/21-11/21 | 4800 തുക കൈമാറുവാൻ സാധിച്ചില്ല |
| 29 | ജോർജ് മത്തായി | Xxx0749 | 08.11.2021 | 11/21 | 1600 തുക കൈമാറുവാൻ സാധിച്ചില്ല |
| 30 | മേരി അഗസ്റ്റി | Xxx0699 | 21.11.2021 | 11/21 | 1600 തുക കൈമാറുവാൻ സാധിച്ചില്ല |

| | | | | | |
|---|---|---|---|---|---|
| 31 | ഏലിക്കുട്ടി ജോൺ | Xxx1001 | 17.11.2021 | 11/21.12/21 | 3200 |
| 32 | ജാനകി കൊച്ച്കുട്ടി | Xxx0021 | 28.11.2021 | 11/21 | 1600<br>തുക കൈമാറുവാൻ സാധിച്ചില്ല |
| 33 | കെ. എം. ശങ്കരപിള്ള | Xxx7857 | 13.12.2021 | 12/21-9/22 | 16000 |
| 34 | അന്നക്കുട്ടി മത്തായി | Xxx0060 | 05.12.2021 | 12/21 | 1600<br>തുക കൈമാറുവാൻ സാധിച്ചില്ല |

ഗ്രാമപഞ്ചായത്തിൽ തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ടവയിൽ ഏതാനും മാസങ്ങളിലെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ഗുണഭോക്താക്കളുടെ മാത്രം വിവരമാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്നും 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിന് ശേഷം മരണപ്പെട്ട ഏതാനും ഗുണഭോക്താക്കൾക്ക് പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കുകയെന്ന നടപടി ക്രമം ഗ്രാമപഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ മുഖേന പെൻഷൻ തുടർന്നും അനുവദിക്കാനിടയുണ്ട്.

23.09.2020-ലെ സ.ഉ(സാധാ)97/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക സി(12)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക സി(13) പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും പ്രസ്തുത പേരുകൾ ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം അനർഹമായി കൈപ്പറ്റിയ തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്തപക്ഷം

അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിന് സാധിക്കൂ. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന., തീ. 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 വനിതാ ഘടക പദ്ധതി - ക്രമവിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി

വനിതകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണെന്ന് പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ [സ.ഉ.(കൈ) നം.11/2018, തീയതി 29.01.2018] ഖണ്ഡിക 6.3 നിഷ്കർഷിക്കുന്നു. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. അതുപോലെ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് സ്പഷ്ടീകരണം ഉണ്ട്. എന്നാൽ തൻവർഷം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി, ബാലസഭ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പാലിയേറ്റീവ് കെയർ(ജനറൽ), പാലിയേറ്റീവ് കെയർ (എസ്.സി.പി) എന്നീ പദ്ധതികളിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെടുന്നില്ല. വനിതാ ഘടക പദ്ധതി ആവിഷ്കരിക്കുമ്പോൾ സർക്കാരിന്റെ നിർദ്ദേശം പാലിച്ചുമാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 അഗതിരഹിത കേരളം പദ്ധതി

ഗ്രാമപഞ്ചായത്തിലെ അഗതികളായ ഗുണഭോക്താക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനും ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം ഗ്രാമപഞ്ചായത്തിലെ 93 ഗുണഭോക്തൃ കുടുംബങ്ങളെ ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയ്ക്ക് കുടുംബശ്രീ മിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ ഇനം തിരിച്ചുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2019-2020 | | | 2020-2021 | | | 2021-2022 | | |
|---|---|---|---|---|---|---|---|---|---|
| ഇനം | വകയിരുത്തിയ | ചെലവ് ₹ | നീക്കിയിരിപ്പ് | വകയിരുത്തിയ | ചെലവ് ₹ | നീക്കിയിരിപ്പ് | വകയിരുത്തിയ | ചെലവ് ₹ | നീക്കിയിരിപ്പ് |

| | തുക ₹ | | ₹ | തുക | | ₹ | തുക ₹ | | ₹ |
|---|---|---|---|---|---|---|---|---|---|
| ഭക്ഷണം | 804000 | 424930 | 379070 | 804000 | 609253 | 194747 | 804000 | 735644 | 68356 |
| ചികിത്സ | 267500 | 0 | 267500 | 265500 | 0 | 265500 | 266500 | 0 | 266500 |
| വിദ്യാഭ്യാസം | 92500 | 1441 | 91059 | 95500 | 560 | 94940 | 96500 | 10256 | 86244 |
| മെഡിക്കൽ ക്യാമ്പ് | 10000 | 0 | 10000 | 10000 | 0 | 10000 | 10000 | 0 | 10000 |
| കൗൺസിലിംഗ് | 10000 | 0 | 10000 | 10000 | 10000 | 0 | 10000 | 0 | 10000 |
| തൊഴിൽ പരിശീലനം | 10000 | 0 | 10000 | 10000 | 0 | 10000 | 10000 | 0 | 10000 |
| പലവക | 35000 | 0 | 35000 | 20000 | 0 | 20000 | 20000 | 0 | 20000 |
| ആകെ | 1229000 | 426371 | 802629 | 1215000 | 619813 | 595187 | 1217000 | 745900 | 471100 |

പ്രധാനമായും ഭക്ഷണ വിതരണം മാത്രമാണ് നടന്നിട്ടുള്ളത്. ഭക്ഷണ വിതരണത്തിന് നാളിതുവരെ ₹17,69,827/- ആകെ ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്ന് ചലഞ്ച് ഫണ്ട് ഒരു ഗഡു മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ആയതിനാൽ ഭക്ഷണത്തിന് നിലവിൽ വികസന ഫണ്ടിൽ നിന്നാണ് തുക ചെലവഴിക്കുന്നത്. അർഹതപ്പെട്ട ചലഞ്ച് ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിനും പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-20 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 21005000000027139/14.02.2022 | ₹70,359/- |
| 21005000000033089/31.03.2022 | ₹29,641/- |
| പ്രോജക്റ്റ് നമ്പർ, പേര് | 72/22,<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ – ഒരു ലക്ഷം |

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹1,00,000/- കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) മേൽ സൂചിപ്പിച്ച ബിൽ പ്രകാരം കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

### 1-21 പ്രൊക്യൂർമെന്റ് കമ്മിറ്റി

സർക്കാർ ഉത്തരവ് ജി.ഒ.(പി)259/2010/എൽ.എസ്.ജി.ഡി, തീയതി 08.10.2010 പ്രകാരം സാധന സാമഗ്രികളും സേവനങ്ങളും തദ്ദേശ സ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശ സ്ഥാപനവും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ തൻ വർഷം തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കുവാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

1-22 സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മരം വെട്ടി മാറ്റിയ ഇനത്തിൽ ₹3,000/- ചെലവ്

| | |
|---|---|
| വൗച്ചർ നം./തീയതി | 221005040, തീ. 16-11-2021 |
| ചെലവ് | ₹3,000/- |

കോടിക്കുളം ഗ്രാമപഞ്ചായത്ത് X-ാം വാർഡിൽ ശ്രീ. അയ്യപ്പൻ നായർ, ഇടമനയിൽ, കോടിക്കുളം പി. ഒ. എന്നയാളുടെ സ്വത്തിനും ജീവനും ഭീഷണിയായി, ബിജു വാഴേപ്പറമ്പിൽ എന്നയാളുടെ വസ്തുവിൽ നിൽക്കുന്ന മരം മുറിച്ച് മാറ്റിയ ഇനത്തിൽ കൃഷ്ണൻ കെ. എസ്. എന്നയാൾക്ക് മേൽ വൗച്ചർ പ്രകാരം ₹3,000/- അനുവദിച്ചിട്ടുണ്ട്. 1994-ലെ പഞ്ചായത്ത് രാജ് ചട്ടം 238-ബി പ്രകാരം ഇത്തരം ചെലവാകുന്ന തുക മരത്തിന്റെ ഉടമസ്ഥനിൽ നിന്നും വസ്തുനികുതി കുടിശ്ശിക എന്ന രീതിയിൽ ഈടാക്കാവുന്നതാണ്. ഇതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-7 തീ. 22-11-2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉത്തരവാദിയിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 നെൽകൃഷി വികസനം പദ്ധതി - ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകിയില്ല

| ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|
| 211005000000025879/26.01.2022 | 1360 |
| 211005000000025879/26.01.2022 | 256357 |
| ആകെ | 257717 |

2019-20 വർഷത്തെ നെൽകൃഷി വികസനം പദ്ധതിയുടെ (പ്രോജക്ട് നം.130/20) ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി കൃഷി ഓഫീസിൽ നിന്നും ലഭിച്ച റിക്വിസിഷൻ പ്രകാരം ₹2,96,258/- ഗുണഭോക്താക്കൾക്ക് നൽകിയതിൽ ₹2,57,717/- ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പറുകൾ തെറ്റിയതിനാൽ, തൊടുപുഴ സബ്

ട്രഷറിയിലെ, പഞ്ചായത്തിന്റെ നം. 3082 അക്കൗണ്ടിൽ തിരികെ ലഭിച്ചിട്ടുള്ളതാണ്. ടി തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഗുണഭോക്താക്കൾക്ക് നെൽകൃഷി ആനുകൂല്യങ്ങൾ അനുവദിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-24 മോണിട്ടറിംഗ് സമിതി കാര്യക്ഷമമല്ല

അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറി കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്റ്റ് പ്രൊഫോർമയിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടുമില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്ത:സത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പഞ്ചായത്ത് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

1-25 നിക്ഷേപ പ്രവൃത്തികൾ - തുടർ നടപടികൾ സ്വീകരിച്ചില്ല - പദ്ധതി പൂർത്തിയായില്ല - ചെലവ് തടസ്സം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം നടപ്പാക്കിയ താഴെ വിശദീകരിച്ചിട്ടുള്ള നിക്ഷേപ പ്രവൃത്തികൾ ഓഡിറ്റ് തീയതി വരെയും പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടില്ല ഈ സാഹചര്യത്തിൽ ₹5,44,634/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രൊജക്റ്റ്നം./<br>പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/<br>ചെക്ക് നം./തീയതി | മുൻകൂറായി നൽകിയ തുക ₹ |
|---|---|---|---|---|
| 1 | കേരള ജല അതോറിറ്റി | 151/22<br>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടലും പുനരുദ്ധാരണവും കുടിവെള്ള കണക്ഷൻ നല്കലും | 21100552017700495091<br>തീ. 08.10.2021 | 225000 |
| | | | 22100797<br>തീ. 16.03.2022<br>(ഗുണഭോക്തൃ വിഹിതം) | 182712 |

| | | | | |
|---|---|---|---|---|
| 2 | ഭൂജല വകുപ്പ് | 158/22<br>വണ്ടമറ്റം പി. എച്ച്. സബ് സെന്ററിന് കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | 21100552017700816489<br>തീ. 21.12.2021 | 49705 |
| 3 | ഭൂജല വകുപ്പ് | 153/22<br>ഗ്രാമപഞ്ചായത്തിന് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ, ബോർവെൽ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | 22100802<br>17.03.2022 | 59217 |
| 4 | കേരള ജല അതോറിറ്റി | 194/21<br>മൃഗാശുപത്രിക്ക് വാട്ടർ കണക്ഷൻ | 20100552017701309571<br>തീ. 20.03.2021 | 15000 |
| 5 | കേരള ജല അതോറിറ്റി | 207/22<br>മൃഗാശുപത്രിക്ക് വാട്ടർ കണക്ഷൻ<br>അധിക വിഹിതം നല്കൽ | 21100552017701486676<br>തീ. 26.03.2022 | 13000 |
| | | | ആകെ | 544634 |

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച് പുറപ്പെടുവിച്ച | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പ്രോജക്ട്

| നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 230604 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 230604 | 0 |
| ജില്ല പഞ്ചായത്ത് | 2021-22 | 169396 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 169396 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 64573 | പാലിയേറ്റീവ് കെയർ (എസ്.സി.പി) | 64573 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 259150 | പാലിയേറ്റീവ് കെയർ (ജനറൽ) | 259150 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 400000 | ലൈഫ് ഭവന പദ്ധതി മൂന്നാംഘട്ടം ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം (ജനറൽ) | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 370000 | എം.സി.എഫ്. നവീകരണം | 370000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 136700 | പ്രതീക്ഷ – ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (ജനറൽ) | 136700 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 977117 | ക്ഷീര സംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 977117 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | പ്രതീക്ഷ – ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 48000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 48000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 240000 | ലൈഫ് ഭവന പദ്ധതി(എസ്.സി.പി)അഡീഷണൽ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം | 240000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 199800 | വനിതകൾക്ക് മുട്ട കോഴി വളർത്തൽ(ജനറൽ) | 199800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 229278 | പെണ്ണാട് വിതരണം (ജനറൽ) | 229278 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടലും പുനരുദ്ധാരണവും കുടിവെള്ള കണക്ഷൻ നൽകലും | 22075705652 തീ. 16.03.2022 | 182712 | 0 | യു. സി. ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടലും പുനരുദ്ധാരണവും കുടിവെള്ള കണക്ഷൻ നൽകലും | 12892109322217 തീ. 08.10.2021 | 225000 | 0 | യു. സി. ലഭിച്ചിട്ടില്ല |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഗ്രാമപഞ്ചായത്തിന് കുടിവെള്ള സൌകര്യം ഏർപ്പെടുത്തൽ | XVF/21-22/P/11 തീ. 17.03.2022 | 59217 | 0 | യു. സി. ലഭിച്ചിട്ടില്ല |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വണ്ടമറ്റം പി.എച്ച്.സി സബ് സെന്ററിന് കുഴൽകിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | 13582114317188 തീ. 21.12.2021 | 49705 | 0 | യു. സി. ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | മൃഗാശുപത്രിക്ക് വാട്ടർ കണക്ഷൻ എടുക്കൽ അധികവിഹിതം വകയിരുത്തൽ | 10912288735133 26.03.2022 | 13000 | 0 | യു. സി. ലഭിച്ചിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

## 4-5 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ ₹2,20,000/- വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷ വായ്പ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | സ.ഉ.(സാധാ) നം.1577/15/ തസ്വഭവ. | 5600000 | 2800000 | 0 | 560000 | 124811 | 2240000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | തീ.27.05.2015 | | | | | | |
| ഭവന വായ്പ (ലൈഫ്) | ജി.ഒ.എം.എസ്. നം.110/2018 തീ.13.08.2018 | 10200000 | 8836000 | 220000 | 1276000 | - | 7780000 |

4-6 സ്ഥിരനിക്ഷേപങ്ങൾ

– ഇല്ല –

4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

4-8 സമാഹൃത റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1997-98 | 3-4 | 1999-2000 | 4-25 | ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജല വിതരണത്തിനായി സാധനങ്ങൾ വാങ്ങിയതിൽ അപാകതകൾ |

4-9 ചാർജ്/സർചാർജ്ജ് നടപടിയിലൂടെ തുക ഒടുക്കിയതിന്റെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| 1 | 2001-02 | 5 | ശ്രീ. കെ. രാമചന്ദ്രൻ നായർ സെക്രട്ടറി | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - |
| 2 | 2001-02 | 6 | ശ്രീ. കെ. രാമചന്ദ്രൻ നായർ സെക്രട്ടറി | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹9609056 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹44417868 |
| ആകെ | ₹54026924 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹42647924 |
| നീക്കിയിരിപ്പ് | ₹11379000 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1639646 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | |
|---|---|---|
| | – ഇല്ല – | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 873012 | ശ്രീമതി ലിസി കെ. പി., വി.ഇ.ഒ. |
| 1-16 | 222000 | ശ്രീമതി ലിസി കെ. പി., വി.ഇ.ഒ. |
| 1-25 | 544634 | ശ്രീ. അഗസ്റ്റിൻ വി. എ., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലിസി കെ. പി.<br>വി.ഇ.ഒ. | | കീഴത്താൻ,<br>കാഞ്ഞൂർ പി. ഒ.<br>കാലടി<br>എറണാകുളം ജില്ല |
| ശ്രീ. അഗസ്റ്റിൻ വി. എ.<br>സെക്രട്ടറി | സെക്രട്ടറി<br>കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | വരിക്കയ്ക്കൽ<br>വണ്ടമറ്റം പി. ഒ.<br>ഇടുക്കി ജില്ല |

4-11 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ.7-445/1999<br>തീയതി 26.09.1999 | 22 | 1, 2, 3, 4, 5, 6, 7, 8, 10, 11, 12, 13, 14, 15, 17, 18, 19, 20, 21, 22, 23,4-8 |

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.ഐ.7/253/2001 തീയതി 05.07.2001 | 0 | എൽ.എഫ്.ഐ.7/253/ 2001/ 05.07.01 പ്രകാരം റിപ്പോർട്ട് ക്ലോസ് ചെയ്തു |
| 1998-99 | കെ.എസ്.ഐ.ഡി.കെ.10/1238/17 തീയതി 02.11.17 | 0 | കെ.എസ്.എ.ഐ.ഡി.കെ. 10/1238/17/02.11.17 പ്രകാരം റിപ്പോർട്ട് ക്ലോസ് ചെയ്തു |
| 1999-2000 | എൽ.എഫ്.ഐ.7-267/03 തീയതി 27.03.03 | 24 | 1, 2, 3, 4, 5, 6,7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 23, 26, 27 |
| 2000-01 | എൽ.എഫ്.ഐ.-7-605/02 തീയതി 13.09.05 | 21 | 2, 17, 18, 19, 22, 23, 24, 25, 26, 29, 30, 31, 32, 33, 34, 35, 36,37, 38, 39, 41 |
| 2001-02 | എൽ.എഫ്.ഐ.-9-163/04 തീയതി 07.12.05 | 4 | ഭാഗം-1, 5, 6, 7, 8, 9 |
| 2002-03 | എൽ.എഫ്.ഐ.-7-289/05 തീയതി 04.05.06 | 3 | ഭാഗം- 1, 2-1, 3-2 |
| 2003-04 | എൽ.എഫ്.ഐ.-8-278/07 തീയതി 03.07.07 | 8 | ഭാഗം- 1, 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4 |
| 2004-05 | എൽ.എഫ്.ഐ.-8-564/07 തീയതി 04.09.07 | 7 | ഭാഗം-1, 2-1, 2-2, 3-2, 3-3, 3-8, 3-9 |
| 2005-06 | എൽ.എഫ്.ഐ.-9-1108/09 തീയതി 01.10.09 | | - |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ. 10/1661/16/തീയതി 7.1.2017 | 17 | 3-1 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ. 10/1660/17/തീയതി 19.12.17 | 1 | 3-1 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ. 10/1165/18/തീയതി 10.10.18 | 11 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ. 10/867/19/തീയതി 07.11.2019 | 16 | 1-11 മുതൽ 1-25 വരെ 3-1 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ. 11/390/22/തീയതി 08.04.2022 | 25 | 1-1-1, 1-1-2, 1-1-3, 1-5, 1-6, 1-8 മുതൽ 1-24 വരെ 4-8, 4-11 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-9/833/2021 തീ. 30/09/2021 | | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്